✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1057

# സൂറ – 34 / സബഅ്

## സൂക്തം: 17 – 19

സഹനവും നന്ദിയും ഇരട്ടകളാണെന്ന് വിദ്വാന്മാർ പറയുന്നു. സഹനശീലവും ക്ഷമയുമുള്ളവരിലേ നന്ദിവികാരവും ഉണ്ടാകൂ. ക്ഷമയില്ലാത്തവരിൽ നന്ദിയും കൂറും, അതു രണ്ടുമില്ലാത്തവരിൽ ക്ഷമയുമുണ്ടാവില്ല. ഈ രണ്ടു ഗുണവുമുള്ളവർക്ക് പോയകാല ചരിത്രത്തിലും സമകാലീന സംഭവങ്ങളിലും ധാരാളം ദൈവിക ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയുന്നു. ഈ ഗുണങ്ങളില്ലാത്തവർക്ക് ദൈവത്തെക്കുറിച്ചോ അവന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ചോ ചിന്തിക്കാനും അതിൽനിന്ന് സത്യം ഗ്രഹിക്കാനും അതനുസരിച്ച് ജീവിതം ക്രമീകരിക്കാനും കഴിയില്ല.

ذَٰلِكَ جَزَيْنَٰهُم بِمَا كَفَرُوا۟ ۖ وَهَلْ نُجَٰزِىٓ إِلَّا ٱلْكَفُورَ ﴿١٧﴾

17. ഇത് അവർ നന്ദികെട്ടവരായതിന് നാം നൽകിയ പ്രതിഫലമായിരുന്നു. കൊടിയ കൃതഘ്നർക്കല്ലാതെ നാം ഈ വിധം പ്രതിഫലം നൽകാറുണ്ടോ?

**17**

ذَٰلِكَ = അത്(ഇത്) جَزَيْنَاهُمْ = നാം അവർക്ക് പ്രതിഫലം നൽകി (നാം നൽകിയ പ്രതിഫലമായിരുന്നു)

بِمَا كَفَرُوا = അവർ നന്ദികെട്ടവരായതിന് وَهَلْ نُجَازِي = നാം (ഈ വിധം) പ്രതിഫലം നൽ(കാറുണ്ടോ)കുമോ

إِلَّا الْكَفُورَ = കൊടിയ കൃതഘ്നർക്കല്ലാതെ

അതായത്, നല്ല വളക്കൂറുള്ള മണ്ണിൽ മേത്തരം ധാന്യങ്ങളും ഫലങ്ങളും സമൃദ്ധമായി വിളയിച്ച് ഉയർന്ന ജീവിതനിലവാരം പുലർത്തി സന്തുഷ്ടമായി ജീവിച്ച ഒരു വികസിത സമൂഹത്തെ ഇവ്വിധം നാടും വീടും വിളകളുമില്ലാത്ത പട്ടിണിക്കാരാക്കി മാറ്റിയത് വലിയ ശിക്ഷ തന്നെയാണ്. ഈ ശിക്ഷ പക്ഷേ അല്ലാഹു അവരോട് ചെയ്ത അനീതിയോ അക്രമമോ ആയിരുന്നില്ല. മറിച്ച്, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആവോളം ആസ്വദിച്ചുകൊണ്ട് അവനോട് അശേഷം നന്ദിയും കൂറും പുലർത്താതെ ധിക്കാരികളും അക്രമികളുമായി വാണതിന്റെ അനിവാര്യഫലമായി വന്നുഭവിച്ച വിപത്താണ്. അത്തരം നന്ദികെട്ടവർക്ക് അല്ലാഹുവിന്റെ നിയമക്രമ(സുന്നത്ത്) പ്രകാരം നിശ്ചയിക്കപ്പെട്ട പ്രതിഫലമാണത്. ധർമനിഷേധത്തിന്റെ കൊടുമുടി കയറിയവരെ മാത്രമേ അല്ലാഹു ഈ വിധം ശിക്ഷിക്കൂ. പതിമൂന്നാം സൂക്തത്തിൽ *ശുക്റും ശകൂറും* പരാമർശിക്കുകയും പതിനഞ്ചാം സൂക്തത്തിൽ *ശുക്റ്* കൽപിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ഈ സൂക്തം അതിന്റെ വിപരീതമായി പറയുന്ന *കുഫ്റും കഫൂറും*, നന്ദികേടും കൊടിയ നന്ദികേടുമാണെന്നു സ്പഷ്ടമാകുന്നു. *കാഫിറി*ന്റെ തീവ്ര (مبالغة) രൂപമാണ് كَفُور. നാം (അല്ലാഹു) കൊടിയ കൃതഘ്നരെ മാത്രമേ ഈ വിധം ശിക്ഷിക്കുകയുള്ളൂ എന്ന കാര്യം സുസമ്മതമാണല്ലോ എന്നു സൂചിപ്പിക്കുന്നതാണ് വചനത്തിന്റെ ചോദ്യരൂപത്തിലുള്ള അവതരണം. ●

18. അവർക്കും നാം അനുഗ്രഹിച്ച നാടുകൾക്കുമിടയിൽ പ്രകടമായ ചില നാടുകൾ നാം ഉണ്ടാക്കിയിരുന്നു. അവയിലൂടെയുള്ള സഞ്ചാരം ഗണിച്ചു ക്രമപ്പെടുത്തുകയും ചെയ്തു. ഈ നാടുകളിലൂടെ രാപ്പകൽ നിർഭയരായി സഞ്ചരിച്ചുകൊള്ളുവിൻ.

وَجَعَلْنَا بَيْنَهُمْ وَبَيْنَ ٱلْقُرَى ٱلَّتِى بَٰرَكْنَا فِيهَا قُرًى ظَٰهِرَةً وَقَدَّرْنَا فِيهَا ٱلسَّيْرَ سِيرُوا۟ فِيهَا لَيَالِىَ وَأَيَّامًا ءَامِنِينَ ﴿١٨﴾

**18**

وَجَعَلْنَا = (നാം ഉണ്ടാക്കി(യിരുന്നു) بَيْنَهُمْ وَبَيْنَ الْقُرَى الَّتِي بَارَكْنَا فِيهَا = അവർക്കും നാം അനുഗ്രഹിച്ച നാടുകൾക്കുമിടയിൽ

قُرًى ظَاهِرَةً = വെളിവായ, പ്രകടമായ നാടുകൾ

وَقَدَّرْنَا فِيهَا السَّيْرَ = അതിൽ നാം യാത്ര കണക്കാക്കി (അവയിലൂടെയുള്ള സഞ്ചാരം ഗണിച്ചു ക്രമപ്പെടുത്തുകയും ചെയ്തു)

سِيرُوا فِيهَا = അതിൽ (ഈ നാടുകളിലൂടെ) സഞ്ചരിച്ചുകൊള്ളുവിൻ

لَيَالِيَ وَأَيَّامًا = രാപ്പകലുകളിൽ آمِنِينَ = നിർഭയരായി

സബഅ് കാർഷികരാജ്യം മാത്രമായിരുന്നില്ല; അക്കാലത്തെ പ്രമുഖ വർത്തകരാജ്യങ്ങളിലൊന്നു കൂടിയായിരുന്നു. അവരുടെ വ്യാപാര പ്രവർത്തനത്തിന് അല്ലാഹു ഏർപ്പെടുത്തിക്കൊടുത്ത അനുഗ്രഹങ്ങളെക്കുറിച്ചാണ് ഇനി പറയുന്നത്. قرية-ന്റെ ബഹുവചനമാണ് قرى. ജനവാസ സ്ഥലമാണ് قرية. നാടിനും ഗ്രാമത്തിനും പട്ടണത്തിനും قرية ഉപയോഗിക്കും. 'നാം അനുഗ്രഹിച്ച നാടുകൾ' കൊണ്ടുദ്ദേശ്യം സിറിയ-ഫലസ്ത്വീൻ പ്രദേശങ്ങളാണ്. ഇന്നെന്ന പോലെ പുരാതന കാലത്തും ഏറെ വിഭവ സമ്പന്നമായിരുന്ന ഈ പ്രദേശവുമായിട്ടായിരുന്നു സബഉകളുടെ മുഖ്യ വ്യാപാരബന്ധം. സബഇൽനിന്ന് ഏറെ ദൂരത്താണ് സിറിയ സ്ഥിതിചെയ്യുന്നത്. അനേക ദിവസങ്ങൾ സഞ്ചരിച്ചുവേണം സബഉകൾക്ക് അവിടെ എത്താൻ. പക്ഷേ, രാജപാതക്ക് ഇരുവശവും അടുത്തടുത്തായി, സഞ്ചാരികൾക്ക് താവളമടിക്കാൻ പറ്റിയ ജനവാസ കേന്ദ്രങ്ങളുണ്ടായിരുന്നു. ഒരു ഗ്രാമം കണ്ണിൽനിന്ന് മറയുമ്പോഴേക്കും അടുത്ത ഗ്രാമം പ്രത്യക്ഷപ്പെടും. അതുകൊണ്ടാണ് ആ ഗ്രാമങ്ങളെ قرى ظاهرة എന്നു വിശേഷിപ്പിച്ചത്. ഗ്രാമങ്ങൾ സ്ഥിതിചെയ്തിരുന്നത് കുന്നുകൾക്കു മുകളിലായിരുന്നതിനാൽ വളരെ ദൂരെനിന്നു കാണാമായിരുന്നതുകൊണ്ടാണെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഓരോ ഗ്രാമത്തിൽനിന്നും അടുത്ത ഗ്രാമത്തിലേക്ക് എത്ര ദൂരം, നേരം സഞ്ചരിക്കണമെന്ന് കൃത്യമായി കണക്കുകൂട്ടാനും അതുപ്രകാരം ക്രമീകരിക്കാനും കഴിഞ്ഞിരുന്നു. ഇതേക്കുറിച്ചാണ് وَقَدَّرْنَا فِيهَا السَّيْرَഎന്നു പറയുന്നത്. فِيهَا എന്നതിന്റെ ഉദ്ദേശ്യം 'അവയിലൂടെയുള്ള' എന്നാവാം. *ബൈനഹാ*-അവക്കിടയിലൂടെയുള്ള- എന്നാണുദ്ദേശ്യമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. സാരാംശത്തിൽ രണ്ടും ഒന്നുതന്നെയാണ്. രാജപാതക്ക് ഇരുവശവും ഗ്രാമങ്ങളുടെ സാന്നിധ്യം വർത്തകസംഘങ്ങൾക്ക് പലവിധത്തിൽ പ്രയോജനപ്പെട്ടിരുന്നു. കൊള്ളക്കാരുടെ ആക്രമണം പേടിക്കാതെ രാവും പകലും സമാധാനത്തോടെ സഞ്ചരിക്കാം എന്നതാണ് അതിൽ ഏറ്റവും പ്രധാനം. പുരാതനകാലത്ത് വിജനപ്രദേശങ്ങളിലൂടെ സഞ്ചരിക്കുന്ന സാർഥവാഹകരുടെ പേടിസ്വപ്നമായിരുന്നുവല്ലോ കൊള്ള സംഘങ്ങളുടെ ആക്രമണം. യാത്രയുടെ സുരക്ഷിതത്വത്തെയാണ് سِيرُوا فِيهَا لَيَالِيَ وَأَيَّامًا آمِنِينَ(അവയിലൂടെ രാവും പകലും നിർഭയരായി സഞ്ചരിച്ചുകൊള്ളുവിൻ) എന്ന വാക്യം കുറിക്കുന്നത്. നേരത്തേ 15-ാം സൂക്തത്തിൽ كُلُوا مِن رِّزْقِ رَبِّكُمْ وَاشْكُرُوا لَهُഎന്നു പറഞ്ഞതുപോലെ ഇതും ഒരുപക്ഷേ പ്രവാചകന്മാരുടെ ഉദ്ബോധനമായിരിക്കാം. അല്ലെങ്കിൽ അടുത്തടുത്ത് ഗ്രാമങ്ങളുള്ള അവസ്ഥയുടെ ഭാഷ്യമാകാം. രണ്ടായാലും പതിനഞ്ചാം സൂക്തത്തിലെ وَاشْكُرُوا لَهُ എന്ന വാക്യം ഇവിടെയും പ്രസക്തമാകുന്നു. അവിടെയും അടുത്ത സൂക്തത്തിലും شكر പരാമർശിക്കുന്നതിനാൽ ഇവിടെ അത് അനുക്തമാണ്.

സഞ്ചാരികൾ ഭക്ഷണം, വെള്ളം തുടങ്ങിയ പാഥേയങ്ങൾ അധികം ചുമന്നു നടക്കേണ്ട എന്നതാണ് മറ്റൊരു പ്രയോജനം. എല്ലാം അപ്പപ്പോൾ ഇടത്താവളങ്ങളിൽനിന്നും അനായാസം ലഭ്യമാകും. വേണ്ടുവോളം വിശ്രമിക്കുകയും ചെയ്യാം. ആ ഗ്രാമങ്ങളുമായി കൊള്ളക്കൊടുക്കകൾ നടത്താം എന്നതും ഒരു നേട്ടമായിരുന്നു. ഇത്തരം ഗ്രാമങ്ങളുടെ സാന്നിധ്യത്തിന്റെയും അവക്കിടയിലൂടെ സഞ്ചാരം ആസൂത്രണം ചെയ്യുന്നതിന്റെയും കർതൃത്വം جَعَلْنَا-നാം ഏർപ്പെടുത്തി, قَدَّرْنَا -നാം കണക്കാക്കി എന്ന് അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞത് ശ്രദ്ധേയമാണ്. സാധാരണ നോട്ടത്തിൽ ഇതെല്ലാം പ്രകൃതിപരവും സ്വാഭാവികവുമായ സംഗതികളാണല്ലോ. പ്രത്യക്ഷത്തിൽ മനുഷ്യന്റെ പ്രവർത്തനഫലവും പ്രകൃതിയുടെ സംഭാവനയുമായി തോന്നുന്ന സുഖക്ഷേമോപാധികളെല്ലാം മൗലികമായി അല്ലാഹുവിന്റെ ഔദാര്യമാണ് എന്ന യാഥാർഥ്യം സൂചിപ്പിക്കുകയാണിത്. മനുഷ്യന്റെ അവിദ്യയും നന്ദികേടും, എല്ലാം സ്വന്തം കഴിവിന്റെ ഫലമെന്ന് ഭ്രമിപ്പിക്കുകയാണവനെ. ശാസ്ത്ര-സാങ്കേതികവിദ്യകൾ പുരോഗമിക്കുംതോറും ഈ ഭ്രമം കൂടിവരികയാണ്. വാസ്തവത്തിൽ ദൈവം സൃഷ്ടിച്ച പദാർഥങ്ങളിൽ ദൈവം നിശ്ചയിച്ച പദാർഥ നിയമങ്ങൾ പ്രവർത്തിപ്പിക്കുക മാത്രമാണ് അവൻ ചെയ്യുന്നത്. ഈ യാഥാർഥ്യം അവഗണിച്ചുകൊണ്ട്, ദൈവാനുഗ്രഹത്തെ തന്നെ ദൈവത്തെയും അവന്റെ അനുഗ്രഹത്തെയും നിഷേധിക്കാൻ ന്യായമാക്കുകയാണ് ആധുനിക മനുഷ്യർ. ●

فَقَالُواْ رَبَّنَا بَٰعِدْ بَيْنَ أَسْفَارِنَا وَظَلَمُوٓاْ أَنفُسَهُمْ فَجَعَلْنَٰهُمْ
أَحَادِيثَ وَمَزَّقْنَٰهُمْ كُلَّ مُمَزَّقٍ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّكُلِّ
صَبَّارٍ شَكُورٍ ﴿١٩﴾

19. എന്നാൽ അവർ പറഞ്ഞതോ, നാഥാ ഞങ്ങളുടെ വഴിദൂരങ്ങൾ വർധിപ്പിച്ചുതരേണമേ എന്നത്രെ. ആ ജനം അവരെത്തന്നെ അക്രമിക്കുകയായിരുന്നു. ഒടുവിൽ നാം അവരെ കേവലം കഥകളാക്കി; പൂർണമായി ഛിന്നിച്ചിതറിക്കളഞ്ഞു. നിശ്ചയം, കൂറുറ്റ മഹാ ക്ഷമാലുക്കൾക്കൊക്കെയും ഈ കഥയിൽ ദൃഷ്ടാന്തങ്ങളുണ്ട്.

**19**

فَقَالُوا = (എന്നാൽ) അവർ പറഞ്ഞു(ഞ്ഞതോ) رَبَّنَا = ഞങ്ങളുടെ നാഥാ
بَاعِدْ بَيْنَ أَسْفَارِنَا = ഞങ്ങളുടെ യാത്രകൾക്കിടയിൽ അകറ്റേണമേ (വഴിദൂരങ്ങൾ വർധിപ്പിക്കേണമേ)
وَظَلَمُوا أَنفُسَهُمْ = അവർ (ആ ജനം) അവരെ തന്നെ അക്രമിക്കുകയായിരുന്നു
فَجَعَلْنَاهُمْ = അപ്പോൾ (ഒടുവിൽ) നാം അവരെ ആക്കി أَحَادِيثَ = വർത്തമാനങ്ങൾ (കേവലം കഥകൾ)
وَمَزَّقْنَاهُمْ كُلَّ مُمَزَّقٍ = നാം അവരെ പൂർണമായി പിച്ചിച്ചീന്തി (ഛിന്നിച്ചിതറിക്കളഞ്ഞു)
إِنَّ فِي ذَٰلِكَ = അതിൽ (ഈ കഥയിൽ ഉണ്ട്) لَآيَاتٍ = നിശ്ചയമായും ദൃഷ്ടാന്തങ്ങൾ
لِّكُلِّ صَبَّارٍ شَكُورٍ = കൂറുറ്റ മഹാ ക്ഷമാലുക്കൾക്കൊക്കെയും

മേൽപറഞ്ഞ ദൈവാനുഗ്രഹങ്ങളോട് സബഉകൾ കൈക്കൊണ്ട ധിക്കാരപൂർവമായ നന്ദികേടും അതിന്റെ ഫലമായി നേരിടേണ്ടിവന്ന ദുരന്തവും ചൂണ്ടിക്കാണിക്കുകയാണ് ഈ സൂക്തം. 'ഞങ്ങളുടെ സഞ്ചാരങ്ങൾക്കിടയിലുള്ള ദൂരം വർധിപ്പിക്കേണമേ' എന്ന വാക്യം പലവിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അതിൽ ഒന്ന് ഇങ്ങനെയാണ്: പ്രവാചകന്മാർ, അല്ലെങ്കിൽ വിവേകശാലികളായ സാരോപദേശകർ സുരക്ഷിത സഞ്ചാരം സാധ്യമാകുംവണ്ണം സബഉകളുടെ വ്യാപാരപാതയിൽ അടുത്തടുത്തായി ജനപഥങ്ങളുടെ സാന്നിധ്യം വലിയൊരു ദൈവാനുഗ്രഹമാണെന്ന് ഉദ്ബോധിപ്പിച്ചപ്പോൾ അവരിൽനിന്നുണ്ടായ ധിക്കാരപൂർവമായ പ്രതികരണമാണിത്; ഓ, ഇതാണോ വലിയ ദൈവാനുഗ്രഹമായി ഘോഷിക്കുന്നത്. എന്നാലേ, ഞങ്ങൾക്കാ അനുഗ്രഹം വേണ്ട. ദൈവമേ, യാത്രകളുടെ ദൂരം എത്ര വേണമെങ്കിലും ദീർഘിപ്പിച്ചോളൂ. ഞങ്ങൾക്ക് ഒരു ചുക്കും വരാനില്ല. ഞങ്ങളെ കാക്കാൻ ഞങ്ങളുടെ ഇഷ്ട ദേവതകളുണ്ട്..... ഖുർആനിനെ തള്ളിപ്പറഞ്ഞ ഖുറൈശികൾ ജൽപിച്ചതുപോലുള്ള ഒരു പരിഹാസോക്തിയാണിത്.

وَإِذْ قَالُوا اللَّهُمَّ إِن كَانَ هَٰذَا هُوَ الْحَقَّ مِنْ عِندِكَ فَأَمْطِرْ عَلَيْنَا حِجَارَةً مِّنَ السَّمَاءِ أَوِ ائْتِنَا بِعَذَابٍ أَلِيمٍ ﴿٣٢﴾

(അവർ ജൽപിച്ചതോർക്കുക: അല്ലാഹുവേ, വാസ്തവത്തിൽ നിന്റെ പക്കൽനിന്നുള്ള സത്യം തന്നെയാണെങ്കിൽ ഞങ്ങൾക്കു മീതെ മാനത്തുനിന്ന് കൽമഴ വർഷിച്ചുകൊള്ളുക, അല്ലെങ്കിൽ യാതനയേറിയ മറ്റേതെങ്കിലും ശിക്ഷ തന്നുകൊള്ളുക - 8:32).

മറ്റൊരു വ്യാഖ്യാനം ഇങ്ങനെ: യാത്രാദൂരങ്ങൾ വർധിപ്പിക്കണമെന്ന് അവർ കാര്യമായിത്തന്നെ പ്രാർഥിക്കുകയായിരുന്നു. സബഅ്-സിറിയ കച്ചവടപാതയിലുള്ള ഗ്രാമങ്ങൾ ചെറിയ തോതിൽ വ്യാപാരം ചെയ്തിരുന്നു. സബഇനോടടുത്തു കിടക്കുന്ന ഗ്രാമങ്ങൾ സബഇൽ വന്നും സിറിയയോടടുത്തു കിടക്കുന്ന ഗ്രാമങ്ങൾ സിറിയയിൽ ചെന്നും തങ്ങൾക്കാവശ്യമുള്ള ചരക്കുകൾ ആ നഗരങ്ങളിൽ ചെന്ന് നേരിട്ടു വാങ്ങി സ്വദേശങ്ങളിൽ വിതരണം ചെയ്തിരുന്നു. നൂറുകണക്കിൽ ഒട്ടകങ്ങളുള്ള ഖാഫിലകളായി കച്ചവടം ചെയ്യാൻ അവർക്കാവുമായിരുന്നില്ല. ഒരു കഴുതയോ കുതിരയോ വഹിക്കുന്ന ചരക്കുകളേ അവർക്ക് കൊണ്ടുപോകാനും കൊണ്ടുവരാനും കഴിഞ്ഞിരുന്നുള്ളൂ. ഗ്രാമങ്ങൾ വ്യാപാര പാതയിൽനിന്നു മാറി വളരെ അകന്നകന്ന് ഒറ്റപ്പെട്ടു കിടക്കുകയാണെങ്കിൽ അവർക്ക് ഈ വ്യാപാരം സാധ്യമാവുകയില്ല. അപ്പോൾ സിറിയ-സബഅ് വ്യാപാരം സബഉകളുടെ കുത്തകയാകും. വിലയിലും വിതരണത്തിലും ആളുകളെ ഇഷ്ടം പോലെ ചൂഷണം ചെയ്യാൻ അവസരം ലഭിക്കും. ഇതായിരുന്നു ഈ പ്രാർഥനയിലൂടെ അവർ ലക്ഷ്യമിട്ടത്. ഇനിയൊരു വ്യാഖ്യാനം ഇങ്ങനെ: സുഗമവും സുരക്ഷിതവുമായ സഞ്ചാരത്തിൽ തീരെ ത്രില്ലില്ലെന്ന് അവർക്ക് തോന്നി. വിജനപ്രദേശങ്ങളിലൂടെയും മലമ്പാതകളിലൂടെയും യാത്രചെയ്ത് തങ്ങളുടെ സാഹസികതയിൽ ഊറ്റം കൊള്ളാനും പാവങ്ങൾക്കുമേൽ മേധാവിത്വം സ്ഥാപിച്ച് അഹങ്കരിക്കാനും ആഗ്രഹിച്ച് അല്ലാഹു അവങ്കൽനിന്നുള്ള അനുഗ്രഹമായി വർഷിച്ചുകൊടുത്ത മന്നക്കും സൽവക്കും പകരം നഗരത്തിലെ ചന്തയിൽ കിട്ടുന്ന ഉള്ളിയും കക്കരികയും പയറുമൊക്കെയാണ് തങ്ങൾക്കു വേണ്ടതെന്ന് ഇസ്രാഈല്യർ മൂസാ നബിയോട് പറഞ്ഞതുപോലെയാണിത്. എന്തുദ്ദേശ്യത്തോടെയായാലും സുഖയാത്ര നിരാകരിച്ച് ക്ലിഷ്ഠയാത്ര തേടിയ അവരുടെ നിലപാട് തികഞ്ഞ അവിവേകവും ദൈവധിക്കാരവും കൃതഘ്നതയും ഒപ്പം പ്രകൃതിവിരുദ്ധവും നാഗരിക വികാസത്തെ തടയുന്നതും സ്വൈര ജീവിതം ഹനിക്കുന്നതുമായിരുന്നു. യഥാർഥത്തിൽ ഇതവർ അവരോടു തന്നെ ചെയ്യുന്ന അതിക്രമമായിരുന്നു. അവരുടെ ഉത്തമതാൽപര്യങ്ങളെയാണവർ ഹനിക്കുന്നത്. മാനവക്ഷേമവും പുരോഗതിയും നിലകൊള്ളുന്നത് പരസ്പരം അടുക്കുന്നതിലും സഹകരിക്കുന്നതിലും സഹായിക്കുന്നതിലുമാകുന്നു. വംശീയവും ദേശീയവുമായ വ്യതിരിക്തതകൾ തിരിച്ചറിവിനു വേണ്ടിയുള്ളതാണ്. അതിനെ ഉച്ചനീചത്വത്തിനും സ്വാർഥലാഭത്തിനുമുള്ള ഉപാധിയാക്കിയാൽ താൽക്കാലികവും വിഭാഗീയവുമായ നേട്ടങ്ങളുണ്ടാവാമെങ്കിലും യഥാർഥ

ഫലം കോട്ടങ്ങളാണ്. ദേശങ്ങൾ തമ്മിലും വർഗങ്ങൾ തമ്മിലുമുള്ള വിരോധത്തിനും പോരാട്ടത്തിനും അതു വഴിവെക്കുന്നു. സത്യത്തിന്റെയും നീതിയുടെയും സ്ഥാനത്ത് ദേശീയ-വംശീയ താൽപര്യങ്ങൾ പ്രതിഷ്ഠിക്കപ്പെടുന്നു. സമകാലിക ലോകസാഹചര്യം സാക്ഷ്യപ്പെടുത്തുന്ന യാഥാർഥ്യമാണിത്.

സബഉകളുടെ ധാർഷ്ട്യത്തിന്റെയും ധിക്കാരത്തിന്റെയും ഫലമായി ഏറെ നാഗരിക വികാസം പ്രാപിച്ച ആ ജനത തിരോധാനം ചെയ്തു. അവർ ഇന്നലെയുടെ കഥകളായി മാറി. വർത്തമാന ലോകത്ത് അസ്തിത്വമില്ലാത്തവരായി. പിച്ചിച്ചീന്തിയ പഴന്തുണിക്കഷ്ണങ്ങൾ പോലെ ആ സമുദായം ശിഥിലീകൃതമായി. കീറി തുണ്ടങ്ങളാക്കലാണ് تمّزق. കീറിയ തുണ്ടങ്ങളാണ് مُمَزَّق. ഒരു വസ്തു മുഴുവൻ പിച്ചിപ്പറിച്ച് ശകലങ്ങളാക്കിയാലാണ് مزق كل مُمزّق എന്നു പറയുക. അണപൊട്ടിയ വെള്ളപ്പാച്ചിലിൽനിന്ന് രക്ഷപ്പെട്ടവരും നാട്ടിലെ ഉപജീവനോപാധികൾ മുച്ചൂടും നശിച്ചുപോയതിനാൽ നാനാദിക്കുകളിലേക്ക് ചിതറിപ്പോയി. ഇത്തരം ആളുകൾക്ക് ഈ പരിണതി വരുന്നത് അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ചാണ്. അതുകൊണ്ടാണ് സബഉകൾ കഥകളായതിന്റെയും ശിഥിലമായതിന്റെയും കർതൃത്വം جعلناهم - مزّقناهم എന്ന് അല്ലാഹു തന്നിലേക്കു ചേർത്തു പറയുന്നത്.

17-ാം സൂക്തം هَلْ نُجَازِي إِلَّا الْكَفُورَ എന്ന വാക്യത്തിലൂടെ സബഉകളുടെ ചരിത്രം ഉൾക്കൊള്ളുന്ന മൗലികതത്ത്വത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ടല്ലോ. അതേ തത്ത്വം തന്നെയാണ് ഈ സൂക്തം إِنَّ فِي ذَٰلِكَ لَآيَاتٍ لِّكُلِّ صَبَّارٍ شَكُورٍ എന്ന വാക്യത്തിലൂടെ പ്രകാശിപ്പിക്കുന്നത്. സബഅ് ചരിത്രം രണ്ടു ഭാഗമായി പറഞ്ഞതും ശ്രദ്ധേയമാകുന്നു. ഒരു ഭാഗത്ത് ആ രാജ്യത്തിന്റെ ഫലഭൂയിഷ്ഠതയും കാർഷിക സമൃദ്ധിയും പരാമർശിച്ച ശേഷം അവരുടെ നന്ദികേടും അതിന്റെ പരിണതിയും പറഞ്ഞു. രണ്ടാം ഭാഗത്ത് സബഉകളുടെ വ്യാപാര പുരോഗതിയും നാഗരിക വികാസവും പരാമർശിച്ച ശേഷം അവരുടെ ധിക്കാരവും ധാർഷ്ട്യവും തൽഫലമായി നേരിടേണ്ടിവന്ന ഉന്മൂലനാശവും പറഞ്ഞിരിക്കുന്നു. രണ്ടു ഭാഗത്തും ആ ചരിത്രം നൽകുന്ന പാഠം പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്. ഖുർആൻ സബഅ് ചരിത്രം അനുസ്മരിക്കുന്നത് കേവലം കഥാകൗതുകത്തിനു വേണ്ടിയല്ല, പ്രത്യുത അതിൽനിന്ന് അമൂല്യമായ പാഠങ്ങൾ ക്കൊള്ളുന്നതിനു വേണ്ടിയാണെന്നാണിത് സൂചിപ്പിക്കുന്നത്.

*സ്വാബിറി*ന്റെയും *ശാകിറി*ന്റെയും അത്യുക്തികളാണ് *സ്വബ്ബാറും ശുകൂറും*. സഹനവും നന്ദിയും ഇരട്ടകളാണെന്ന് വിദ്വാന്മാർ പറയുന്നു. സഹനശീലവും ക്ഷമയുമുള്ളവരിലേ നന്ദിവികാരവും ഉണ്ടാകൂ. ക്ഷമയില്ലാത്തവരിൽ നന്ദിയും കൂറും, അതു രണ്ടുമില്ലാത്തവരിൽ ക്ഷമയുമുണ്ടാവില്ല. ഈ രണ്ടു ഗുണവുമുള്ളവർക്ക് പോയകാല ചരിത്രത്തിലും സമകാലീന സംഭവങ്ങളിലും ധാരാളം ദൈവിക ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയുന്നു. ഈ ഗുണങ്ങളില്ലാത്തവർക്ക് ദൈവത്തെക്കുറിച്ചോ അവന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ചോ ചിന്തിക്കാനും അതിൽനിന്ന് സത്യം ഗ്രഹിക്കാനും അതനുസരിച്ച് ജീവിതം ക്രമീകരിക്കാനും കഴിയില്ല. അതിനൊന്നും മിനക്കെടാൻ സമയമില്ലാതെ അവർ ക്ഷണികം -عاجلة- ആയ ഭൗതികനേട്ടങ്ങളുടെ -ثواب الدنيا- പിന്നാലെ അന്ധമായി പാഞ്ഞ് ജീവിതം പാഴാക്കുന്നു. ●